പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1410 — 22.03.2013 ൽ മറുപടിക്ക്

## പരസ്യനിരക്ക് പരിഷ്കരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.പി.മുഹമ്മദ്:<br>ശ്രീ.ബെന്നി ബെഹനാൻ:<br>ശ്രീ.ജോസഫ് വാഴക്കൻ:<br>ശ്രീ.വി.ഡി.സതീശൻ: | | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | കേരളത്തിനകത്തും പുറത്തും പ്രസിദ്ധീകരിക്കുന്ന എത്ര പ്രസിദ്ധീകരണങ്ങളാണ് ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്; | എ) | നിലവിൽ 202ആനുകാലിക പ്രസിദ്ധീകരണങ്ങൾ പി.ആർ.ഡിയുടെ മീഡിയാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |
| (ബി) | രജിസ്റ്റർ ചെയ്തിട്ടുള്ള ദിനപത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയുടെ പേരു വിവരം വെളിപ്പെടുത്താമോ; | (ബി & സി) | പി.ആർ.ഡിയുടെ മീഡിയാ ലിസ്റ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ദിനപത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയുടെ പേരു വിവരവും നിരക്കും അനുബന്ധം 1, 2 എന്നിവയിൽ ഉൾകൊള്ളിച്ചിട്ടുണ്ട്. |
| (സി) | മീഡിയാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓരോ പ്രസിദ്ധീകരണങ്ങൾക്കും വകുപ്പ് നിശ്ചയിച്ചിട്ടുള്ള പരസ്യ നിരക്ക് വെളിപ്പെടുത്താമോ; | | |
| (ഡി) | ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും ദിനപത്രങ്ങളുടെയും പരസ്യ നിരക്ക് കാലോചിതമായി പരിഷ്ക്കരിക്കുവാൻ നിർദ്ദേശം നൽകുമോ; വിശദമാക്കുമോ? | (ഡി) | ദിനപത്രങ്ങളുടെ പരസ്യ നിരക്ക് 01.04.2012 മുതൽ പ്രാബല്യത്തോടെ 1999-ലെ നിരക്കിൽ 50% വർദ്ധനവ് വരുത്തി സ.ഉ (എം.എസ്) നം.11/12/ഐ & പി.ആർ.ഡി തീയതി 08.08.2012 പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത 50% വർദ്ധനവ് ആനുകാലികങ്ങൾക്കും ബാധകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്